# രക്തദാനം മഹാദാനം - രക്ത ദാന ക്യാമ്പ് സംഘടിപ്പിച്ചു



രാജ്യത്ത് ഓരോ വർഷവും കൃത്യ നിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന പോലീസ് സേനാംഗങ്ങളുടെ സ്മരണ പുതുക്കുന്ന പോലീസ് സ്മൃതി ദിനം ആചരിക്കുന്നതിനോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഭാഗമായി ആലുവയിലുള്ള ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വെച്ച് ഇന്ന് (22.10.2019) രാവിലെ 09.30 മണിമുതൽ രക്തദാന ക്യാമ്പ് നടത്തി.

രക്തദാനത്തിനു മുൻഗണന നൽകി പ്രവർത്തിക്കുന്ന ഒട്ടനവധി സംഘടനകൾ ഇന്ന് നിലവിലുണ്ട്. രക്തദാനത്തിനു തയ്യാറായി മുന്നോട്ടു വരുന്ന വ്യക്തികളും കുറവല്ല. എന്നിരുന്നാലും പല ആശുപത്രികളിലും ഇപ്പോഴും രക്തദൗർലഭ്യം ഉണ്ടാവാറുണ്ട്. അതുകൊണ്ടുതന്നെ ബ്ലഡ് ബാങ്കിൽ ആവശ്യത്തിനു രക്തം ഇല്ലാതെയിരിക്കുന്നത് ഗുരുതരമായ പ്രശ്നം തന്നെയാണ്. വളരെ ലളിതമായ കാര്യമായിട്ടും രക്തം ദാനം ചെയ്യാൻ പലരും മടിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നതായിട്ടാണു കണപ്പെടുന്നത് രക്തദാനത്തെക്കുറിച്ചുള്ള അജ്ഞതയാണ് പലപ്പോഴും അതിനു പിന്നിൽ. നൽകുന്ന ഒരോ തുള്ളി രക്തവും ഒരു രോഗിയെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ സഹായിക്കുമെന്നു മാത്രമല്ല, ദാതാവിന് പല വിധത്തിലുള്ള ഗുണങ്ങളും രക്തദാനം കൊണ്ട് ലഭിക്കുന്നുമുണ്ട്. അതു മനസ്സിലാക്കി കൂടുതൽ പേർ രക്തം ദാനം ചെയ്യാൻ മുന്നോട്ടു വന്നാൽ അത്യാസന്നനിലയിൽ കിടക്കുന്ന രോഗികൾക്ക് ജീവൻ തിരിച്ചു കിട്ടാൻ സഹായിക്കും. പ്ലേറ്റ്ലറ്റ് കൗണ്ട് കുറഞ്ഞു പോകുന്ന ഡെങ്കിപ്പനി പോലെയുള്ള രോഗങ്ങൾ വളരെ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മിക്ക ആശുപത്രികളിലും

പതിവിലും കൂടുതൽ രക്തം ആവശ്യമായി വരും. കാൻസർ രോഗത്തിനു കരൾരോഗത്തിനുമൊക്കെ പ്രത്യേക ചികിത്സാവിഭാഗങ്ങളുള്ള ആശുപത്രികളിൽ രക്തത്തിന്റെ ആവശ്യം വളരെയേറെയാണ്. കേരളത്തിലെ വിവിധ ആശുപത്രികളിലായി ഒരു ദിവസം ആവശ്യമായി വരുന്ന രക്തത്തിൻെറ കണക്ക് ആയിരം യൂണിറ്റിലേറെയാണ്. ഇത്തരത്തിൽ രക്തദാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സാമൂഹ്യ സേവനവും, ഒപ്പം സാമൂഹ്യ അവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ പോലീസ് സ്മൃതി ദിനം ആചരിക്കുന്നതിന്റെ ഭാഗമായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചത്.

"രക്തദാനം മഹാദാനം" എന്ന ആപ്തവാക്യത്തിന്റെ പ്രാധാന്യത്തെ ഓർമ്മിപ്പിച്ചുകൊണ്ട്, രാവിലെ നടന്ന രക്തദാന ക്യാമ്പിന്റെ ഉദ്ഘാടനം എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ,കാർത്തിക് IPS രക്തം ദാനംചെയ്തു നിർവ്വഹിച്ചു. ഡോക്ടർ ഗോപാലകൃഷ്ണൻ.എം.ആറിന്റെ നേതൃത്വത്തിൽ ആലുവ ജില്ലാ ആശുപത്രിയുടെ ബ്ലഡ് ബാങ്കുമായി സഹകരിച്ചാണ് രക്തദാന ക്യാമ്പ് നടത്തിയത്. ആലുവ ഡി.വൈ.എസ്.പി ജി.വേണു, പെരുമ്പാവൂർ ഡി.വൈ.എസ്.പി കെ.ബിജുമോൻ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.അനിൽ കുമാർ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി റാഫി.ആർ, ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എം.ജിജിമോൻ, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി എം.ആർ.മധുബാബു, ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥർ ഡി.പി.ഒ സ്റ്റാഫ് എന്നിവർ പങ്കെടുത്തു. രക്തദാന ക്യാമ്പിൽ പങ്കെടുത്ത് 51 പോലീസ് ഉദ്യോഗസ്ഥർ രക്തം ദാനംചെയ്തു.